പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 132** **12-10-2026-ൽ മറുപടിയ്ക്ക്**

**ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ഓഡിറ്റ് റിപ്പോർട്ട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉമ തോമസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2018-19 മുതൽ 2024-25 വരെയുള്ള കാലയളവിൽ കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ;

**മറുപടി:** 2018-19 മുതൽ 2022-23 വരെയുള്ള 3 വർഷത്തെ ഓഡിറ്റുകൾ പൂർത്തിയാവുകയും, 2018-19 മുതൽ 2021-22 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ലഭ്യമായിട്ടുണ്ടെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷത്തെയും ഓഡിറ്റ് റിപ്പോർട്ടുകൾ പൂർത്തീകരിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

**മറുപടി:** 2018-2019 മുതൽ 2019-2020 വരെയുള്ള ഓഡിറ്റ് റിപോർട്ടുകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. 2020-2021, 2021-2022 വർഷങ്ങളിലെ ഓഡിറ്റ് മറുപടികൾ ബോർഡ് ക്രോഡീകരിച്ചു വരികയാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(സി)** പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ സാമ്പത്തിക ക്രമക്കേടുകളോ, ധനനഷ്ടമോ, ഫണ്ട് ദുരുപയോഗമോ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ചുള്ള വിശദാംശങ്ങളും നഷ്ടപ്പെട്ടതായി കണ്ടെത്തിയ തുകയും വ്യക്തമാക്കുമോ?

**മറുപടി:** പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ സാമ്പത്തിക ക്രമക്കേടുകളോ, ധനനഷ്ടമോ, ഫണ്ട് ദുർവിനിയോഗമോ കണ്ടെത്തിയിട്ടില്ലായെന്ന് ചീഫ് എസിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടുകളിൽ ഓഡിറ്റ് തടസ്സവാദം ഉന്നയിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2018-19 | 12,84,200/- |
| 2 | 2019-20 | 52,19,690/- |
| 3 | 2020-21 | 6,13,92,325/- |

| | | |
|---|---|---|
| 4 | 2021-22 | 6,51,77,120/- |

കൂടാതെ, കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ 2013-14 മുതൽ 2019-20 വരെയുള്ള കാലയളവിലെ ഓഡിറ്റ് നടത്തി 06.11.2025-ലെ കെ.എസ്.എ.ഡബ്ല്യു.എഫ്.എ.-1/513/25 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് സമർപ്പിച്ച സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ₹14,93,44,064/- (പതിനാല് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി നാല്പത്തി നാലായിരത്തി അറുപത്തി നാല് രൂപ) -യുടെ സാമ്പത്തിക ക്രമക്കേട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**